**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 982** **10-06-2021 - ൽ മറുപടിയ്ക്ക്**

**പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. K. Rajan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി) | |
| (എ) | കോട്ടക്കൽ നിയോജക മണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡ് നിർമ്മാണത്തിനു വേണ്ടി മൂന്നാംഘട്ട സ്ഥലം ഏറ്റെടുക്കുന്നതിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | 30.05.2018-ലെ സ.ഉ. (സാധാ) 1984/2018/റവ നമ്പർ ഉത്തരവു പ്രകാരം കോട്ടക്കൽ വില്ലേജിലെ പുത്തൂർ - ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാം ഘട്ട റോഡ് നിർമ്മാണത്തിനായി 2.3276 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവായിരുന്നു. 26.10.2018-ലെ സ.ഉ.(അച്ചടി) 67/2018/റവ പ്രകാരം രാജഗിരി ഔട്ട് റീച്ച് സർവ്വീസ് സൊസൈറ്റി എന്ന ഏജൻസി സാമൂഹ്യാഘാത പഠനം നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത റിപ്പോർട്ട് വിദഗ്ധ സമിതി വിലയിരുത്തി സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 06.08.2019-ലെ സ.ഉ.(കൈ) 256/2019/റവ പ്രകാരം സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് ഉത്തരവായിട്ടുള്ള താണ്. തുടർന്ന് 11(1) വിജ്ഞാപനം 26.11.2019-ലെ സ.ഉ.(അച്ചടി) 82/2019/റവ പ്രകാരം ഉത്തരവായിട്ടുള്ളതും 27.11.2019-ലെ 2896 അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പദ്ധതിക്ക് കണ്ടിൻജൻസി ചാർജ്ജിനത്തിൽ അടവാക്കേണ്ടിയിരുന്ന50,00,000/- രൂപയിൽ 50,000/- രൂപ മാത്രമേ അർത്ഥനാധികാരി അടവാക്കിയിട്ടുള്ളു. കണ്ടിൻജൻസി ചാർജ്ജിനത്തിൽ അടവാക്കേണ്ട 49,50,000/- രൂപയും നഷ്ടപരിഹാരമായി നല്കേണ്ട മുഴുവൻ തുകയും അടവാക്കാത്തതിനാൽ 19(1) പ്രഖ്യാപനം പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത റോഡ് നിർമ്മാണത്തിനായി വേണ്ട സ്ഥലത്തിന്റെ വില കണക്കാക്കിയിട്ടുണ്ടോ; പ്രസ്തുത തുക റവന്യൂ വകുപ്പിന്റെ കൈവശം ലഭ്യമാണോ; | (ബി) | പ്രസ്തുത റോഡ് നിർമ്മാണത്തിന് വേണ്ട ഏകദേശ തുക 15,81,85,731/- രൂപ (പതിനഞ്ച് കോടി എൺപത്തൊന്ന് ലക്ഷത്തി എൺപത്തയ്യായിരത്തി എഴുന്നൂറ്റി മുപ്പത്തി ഒന്ന് രൂപ മാത്രം) ആണ്. കണ്ടിൻജൻസി ചാർജ്ജിനത്തിൽ 50,000/- രൂപ (അമ്പതിനായിരം രൂപ മാതം) റവന്യൂ വകുപ്പിന്റെ കൈവശം (എൽ.എ.ഒ.യുടെ കൈവശം) ലഭ്യമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത് സംബന്ധിച്ച് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (സി) | 11(1) വിജ്ഞാപനം 26.11.2019-ലെ സ.ഉ. (അച്ചടി) 82/2019/റവ പ്രകാരം ഉത്തരവായിട്ടുള്ളതും 27.11.2019-ലെ 2896 അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. LARR Act സെക്ഷൻ 19(7) പ്രകാരം പ്രാഥമിക വിജ്ഞാപനം (11(1) വിജ്ഞാപനം) പ്രസിദ്ധപ്പെടുത്തി ഒരു വർഷത്തിനുള്ളിൽ 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തേണ്ട താണ്. LARR Rules സെക്ഷൻ 4(6) പ്രകാരം നഷ്ടപരിഹാര തുക മുഴുവൻ അർത്ഥനാധികാരി ബന്ധപ്പെട്ട ശീർഷകത്തിൽ കെട്ടിവെച്ചാൽ മാത്രമേ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുവാൻ നിർവ്വാഹമുള്ളൂ. എന്നാൽ പ്രസ്തുത പദ്ധതിക്ക് കണ്ടിൻജൻസി ചാർജ്ജിനത്തിൽ അടവാക്കേണ്ടിയിരുന്ന49,50,000/- രൂപയിൽ 50,000/- രൂപ മാത്രമേ അർത്ഥനാധികാരി അടവാക്കിയിട്ടുള്ളൂ. കണ്ടിൻജൻസി ചാർജ്ജിനത്തിൽ അടവാക്കേണ്ട 49,50,000/- രൂപയും നഷ്ടപരിഹാരമായി നല്കേണ്ട മുഴുവൻ തുകയും അടവാക്കിയാൽ മാത്രമേ 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുവാൻ സാധിക്കുകയുള്ളൂ. 11(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി ഒരു വർഷത്തിനുള്ളിൽ 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥലമെടുപ്പ് നടപടികൾ ഡിനോവ ആയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ